# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2057

## 16-08-2017 ൽ മറുപടിക്ക്

## കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | കിഫ്ബിയിലേക്ക് പദ്ധതികൾ സമർപ്പിക്കുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള 8.8.2016 ലെ സ.ഉ.(കൈ)നം. 315/16/ധന ഉത്തരവു പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പോ, ഭരണ വകുപ്പ് ടെൻഡറിലൂടെ തെരെഞ്ഞെടുത്ത ഏതെങ്കിലും ഏജൻസിയോ ആണ്. കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ "ഓരോ നിയോജക മണ്ഡലത്തിൽ നിന്നും ഒരു സ്കൂളിനെ Centre for Excellence ആക്കി ഉയർത്തുക" എന്ന പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയത് കിറ്റ്കോയും, മാളിയേക്കൽ ROB യുടെ ഡി.പി.ആർ തയ്യാറാക്കിയത് RBDCK യും ആണ്. |
| (ബി) പ്രസ്തുത പദ്ധതികളുടെ പ്ലാനും സമീപനരേഖകളും ഓൺലൈനായി പ്രസിദ്ധീകരിക്കുമോ; വിശദീകരിക്കുമോ;<br>(സി) കരുനാഗപ്പള്ളി മാളിയേക്കൽ ലെവൽക്രോസിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിന്റെ രൂപരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയത് ലഭ്യമാക്കുമോ? | കിഫ്ബി പദ്ധതിയുടെ പദ്ധതി വിശദാംശങ്ങൾ ഓൺ ലൈനായി കിഫ്ബിയുടെ വെബ് സൈറ്റിലാണ് ബന്ധപ്പെട്ട ഭരണവകുപ്പുകൾ സമർപ്പിക്കുന്നത്. ഈ വിശദാംശങ്ങളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതും കിഫ്ബോർഡിനു മുമ്പാകെ സമർപ്പിക്കുന്നതും കിഫ്ബിയാണ്. പദ്ധതി വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.<br>മാളിയേക്കൽ ഓവർബ്രിഡ്ജ് നിർമ്മാണ പദ്ധതി കിഫ് ബോർഡിന്റെ 29 ാം ബോർഡ് യോഗം അംഗീകരിച്ചിട്ടുള്ളതാണ്. ഇതിന്മേലുള്ള തുടർ നടപടികൾ ഭരണ വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ